**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3213** **01-03-2023 - ൽ മറുപടിയ്ക്ക്**

**സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് കീഴിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് കീഴിൽ എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ നിലവിലുണ്ടെന്നും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിലവിൽ നൽകുന്ന പ്രതിമാസ വേതനം എത്ര രൂപയാണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് കീഴിൽ കലാ, ആരോഗ്യ-കായിക, പ്രവൃത്തി പരിചയം മൂന്നു വിഭാഗങ്ങളിലായി ആകെ 2685 പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ തസ്തികകൾ (895x3=2685) നിലവിലുണ്ട്. സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് 2022-23 വർഷം പ്രതിമാസം 10,000/-രൂപയാണ് വേതനമായി നൽകി വന്നിരുന്നത്. |
| (ബി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസം ഒരു അദ്ധ്യാപകന് എത്ര രൂപയാണ് ലഭിക്കുന്നതെന്നും ഈ ഇനത്തിൽ നിലവിൽ സംസ്ഥാന സർക്കാർ നൽകുന്ന വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് 2022-23 വർഷം വേതനം നൽകുന്നതിന് ടീച്ചർ സാലറി ശീർഷകത്തിൽ ആകെ 17.01കോടി രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. ഈ തുകയുടെ 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. |
| (സി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനമായി സംസ്ഥാന സർക്കാർ വിഹിതം നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് പ്രതിമാസ വേതനമായി നൽകിവരുന്ന 10,000/-രൂപയിൽ 60% കേന്ദ്രവിഹിതമായി 6,000/-രൂപയും 40% സംസ്ഥാന സർക്കാർ വിഹിതമായി 4,000/-രൂപയും നൽകുന്നുണ്ട്. |
| (ഡി) | കേന്ദ്ര വിഹിതത്തിന് തുല്യമായ സംസ്ഥാന വിഹിതം കൂടി അനുവദിച്ചുകൊണ്ട് ഉച്ചമായ വേതനം മാത്രം ലഭിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് തുല്യനീതി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പ്രതിമാസം വേതനം വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം സംസ്ഥാന സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുകയും 23.02.2023ൽ ബഹു.വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയും, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും എസ്.എസ്.കെ ഡയറക്ടർ, സ്പെഷ്യലിസ്റ്റ് അധ്യാപക സംഘടനയുടെ യൂണിയൻ നേതാക്കൾ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വേതനം 13,400/-രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. 13,400/-രൂപയുടെ 12% വരുന്ന 1608/- |

| | | | |
|---|---|---|---|
| | | | രൂപ ഇ.പി.എഫ് (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ